PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Saturday, *the 22nd September 1951*

VOL. IV] OFFICIAL REPORT [No. 5

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Saturday, the 22nd September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day)

Oral Answers

മെഡിക്കൽ കാളേജ് പ്രിൻസിപ്പാൾ

*൧൦൫. (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ കാളേജിൽ പ്രിൻസിപ്പാളായി നിയമിക്കണമെന്ന് ഈ സംസ്ഥാനത്തെ പ്രജകളിൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ആ അപേക്ഷകരിൽ ഓരോരുത്തർക്കും ഉള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ഈ അപേക്ഷകരിൽ പ്രിൻസിപ്പാളായിരിക്കാൻ യോഗ്യതയുള്ളവർ ആരെങ്കിലും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവരെ നിയമിക്കാതിരിക്കാൻ കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരപേക്ഷകനുണ്ട്.

(ബി) അപേക്ഷയിൽ കാണിച്ചിട്ടുള്ള പ്രകാരം അദ്ദേഹത്തിന്റെ യോഗ്യതകൾ:—

ബി. എ., എം. ബി. ബി. എസ്സ്., എം. ആർ. സി. എസ്സ്. (ഇംഗ്ലണ്ട്), എൽ. ആർ. സി. പി. (ലണ്ടൻ), എം. ആർ. സി. പി. (എടിൻ), ഡി. റി. എം. ആൻഡ് എച്ച്. ഫെല്ലോ ഫോർ റോയൽ സൊസൈററി ഫോർ ട്രോപ്പിക്കൽ മെഡിസിൻ ആൻഡ് ഹൈജീൻ; ഫെല്ലോ ഓഫ് ദി ലണ്ടൻ ഡെർമറേറാളജിക്കൽ സൊസൈററി; മേജർ ലെയിററ് ആർ. എ. എം. സി.

(സി) ഈ കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) മേൽ ഉദ്ധരിച്ച ചോദ്യംകൊണ്ട് ഇതു് ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: സമർത്ഥനായ ഒരാളുടെ അപേക്ഷ കിട്ടിയിട്ട് ഇതേവരെ എന്തുകൊണ്ടാണ് അതു് പരിശോധിക്കാതിരുന്നിട്ടുള്ളതു്?

ശ്രീ. സി. കേശവൻ. മെഡിക്കൽ കാളേജു പ്രിൻസിപ്പാൾ ഷിപ്പിനു് ഡബ്ലിയു. എച്ച്. ഒ യിൽ നിന്നു ഒരാൾ വേണമെന്ന് ഗവമ്മെൻറ് തീരുമാനിച്ചതനുസരിച്ച് അതിനുവേണ്ടി ഇൻഡ്യാ ഗവമ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഈ അപേക്ഷ കിട്ടിയതു്. അതുകൊണ്ടാണ് അതിനെപ്പററി പരിശോധിക്കാതിരുന്നതു്.

ശ്രീ. പി. നാണു: ഡബ്ലിയു. എച്ച്. ഒ. യിൽനിന്ന് എപ്പോൾ ആളെ കിട്ടുമെന്നാണ് ഗവമ്മെൻറ പ്രതീക്ഷിക്കുന്നത്?

ശ്രീ. സി. കേശവൻ: കഴിയുന്നത്രം വേഗം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. നാണു: ഇവിടെ യോഗ്യതകളുള്ള ആളുകൾ ഉള്ളപ്പോൾ ഈ വക സ്ഥാനങ്ങളിൽ അവരെ നിയമിച്ച് അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: ഇത് പ്രോത്സാഹിപ്പിക്കേണ്ട ഒരു വിഷയമല്ല. ഇവിടെ പുത്തനായി ഒരു മെഡിക്കൽ കാളേജ് ഉണ്ടായിരിക്കുകയാണ്. ആ നിലയ്ക്കു ഈ മെഡിക്കൽ കാളേജിൻെറ പേരിന് അനുഗുണമായിരിക്കുന്ന ഒരാളെ നിയമിക്കുന്നതായിരിക്കും നല്ലത് എന്ന് ഗവമ്മെൻറ ഉദ്ദേശിച്ചു. അതുകൊണ്ടാണ് ഡബ്ലിയു. എച്ച്. ഒ. യിൽനിന്ന് ഒരാളെ വേണമെന്ന് ഗവമ്മെൻറ് ആവശ്യപ്പെട്ടത്.

ശ്രീ. പി. നാണു: യോഗ്യതയുള്ള ആളുകൾ ഇവിടെയുണ്ടെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: ഈ അപേക്ഷകൻെറ യോഗ്യതകൾ ഒരു മെഡിക്കൽ കാളേജ് പ്രിൻസിപ്പാളിനുള്ള യോഗ്യതയാണെന്ന് എനിക്കു തോന്നുന്നില്ല.

ശ്രീ. ജോസഫ് മാത്തൻ: മെഡിക്കൽ കാളേജ് പ്രിൻസിപ്പാളിൻെറ ഉദ്യോഗത്തിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ജോസഫ് മാത്തൻ: അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തപ്പോൾ ഇദ്ദേഹം അപേക്ഷ അയച്ചിരിക്കുന്നതിൽ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. സി. കേശവൻ: അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തപ്പോൾ അപേക്ഷ അയക്കേണ്ടതിൻെറ ആവശ്യം ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപേക്ഷകൻെറ പേരെന്താണ്?

ശ്രീ. സി. കേശവൻ: ജി. ദാമോദരൻ എന്നാണ് പേർ. ഇപ്പോൾ ഇദ്ദേഹം ഉദ്യോഗം ഒന്നും ഇല്ലാതിരിക്കയാണ്.

Sri. P. Balakrishnan Tampi: Is the Government aware that fellowship of these learned societies is not considered tantamount to an academic work?

ശ്രീ. സി. കേശവൻ: അത് എനിക്ക് അറിയുവാൻ പാടില്ല.

Dr. M. O. Cheriyan: Has he got any administrative experience?

Sri. C. Kesavan: The qualifications have been read out.

ശ്രീ. പി. നാണു: ശ്രീ. ബാലകൃഷ്ണൻതമ്പി അവർകളുടെ സ്വന്തത്തിൽപെട്ട ആരെങ്കിലും ഇതിന് അപേക്ഷ അയച്ചിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ലാ.

Sri. P. Balakrishnan Tampi: May I know whether Government are aware that there are scores of people in the Medical Department who have higher qualifications both in surgery and medicine?

Sri. C. Kesavan: I do not know how to compare these things. I will have on consult a medical man.

ആശുപത്രി

* ൫൦ നം. (൨) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു കാമ്പൗണ്ടറന്മാർ ഇല്ലാത്ത എത്ര ആശുപത്രികൾ ഉണ്ട്;

(ബി) എത്ര ആശുപത്രികളിൽ ക്രിമിനൽ പുള്ളികളെ ചികിത്സിപ്പിക്കുന്നതിനുള്ള പ്രത്യേക മുറികൾ ഉണ്ട്;

(സി) ഈ മുറികൾ എല്ലാം ക്രിമിനൽ പുള്ളികളെ സൂക്ഷിപ്പിക്കത്തക്ക വിധത്തിൽ ഉറപ്പുള്ളതാണോ;

(ഡി) ഉറപ്പില്ലാത്ത മുറികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാം ആശുപത്രികളിലാണ്;

(ഇ) അവ ഓരോന്നും ഉറപ്പില്ലാതായിത്തീർന്നിട്ട് എത്ര കാലംവീതം ആയിട്ടുണ്ട്;

(എഫ്) അററകുററപ്പെട്ടു കിടക്കുന്ന ആശുപത്രികൾ ഈ സംസ്ഥാനത്തുണ്ടോ;

(ജി) ഉണ്ടെങ്കിൽ അത് ഏതെല്ലാമെന്നും എപ്പോൾ മുതൽ അററകുററപ്പെട്ടു കിടക്കുന്നുവെന്നും പറയാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ—ജി) ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനുള്ള ഉത്തരം തയ്യാറാക്കുന്നതിന് പല വിവരങ്ങളും ശേഖരിക്കേണ്ടതുണ്ട്. ആ വക വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. പക്ഷേ ഇതു കിട്ടുന്നതിന് കാലതാമസം നേരിടുന്നതാണ്. ഏതെങ്കിലും ഒരു പ്രത്യേകസ്ഥാപനത്തിന്റെ സംഗതിയെക്കുറിച്ചാണെങ്കിൽ അതിലേക്കുള്ള ഉത്തരം താമസം കൂടാതെ നല്കാവുന്നതാണ്.

മരുന്നുകൾ

*൨൦൧. (ഡ) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തുള്ള ആശുപത്രികളിലെല്ലാം ആവശ്യമുള്ള മരുന്നുകൾ ഉണ്ടോ;

(ബി) മരുന്നു വിലകൊടുത്തു വാങ്ങാൻ ശേഷിയില്ലാത്ത രോഗികൾക്ക് ആശുപത്രിയിൽ ഇല്ലാത്ത മരുന്നുകൾ ലഭിക്കുന്നതിന് ഗവമെന്റ് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. എന്നാൽ വിദേശത്തുനിന്നും വരുത്തേണ്ട മരുന്നുകൾ കിട്ടുന്നതു് ഇംപോർട്ട് ലൈസൻസ്, ഗതാഗതസൗകര്യം മുതലായ ഒഴിച്ചുകൂടാൻ വയ്യാത്ത പരിതഃസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നതാണ്.

(ബി) ഉണ്ട്

ശ്രീ. പി. നാണു: ബിയുടെ ഉത്തരത്തിൽ ഉണ്ട് എന്നു പറഞ്ഞിട്ടുണ്ട്. എന്തു വ്യവസ്ഥയാണ് ഗവമെന്റ് ചെയ്തിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: ആശുപത്രികളിൽ സാധുക്കളായ രോഗികൾക്ക് വില കൂടിയ മരുന്നുകൾ കൊടുക്കേണ്ട ആവശ്യമുണ്ടെങ്കിൽ, അത്യാവശ്യഘട്ടങ്ങളിൽ, കൊടുക്കുന്നതിന് ചട്ടങ്ങളുണ്ട്. വിശേഷിച്ചു ടി. ബി. ആശുപത്രികളിൽ സാധുക്കളായ രോഗികൾക്ക് വിലകൂടാതെ വളരെ വിലകൂടിയ മരുന്നുകൾ കൊടുക്കുന്നതായി എനിക്കറിയാം.

ശ്രീ. പി. നാണു: ടി. ബി. അല്ലാത്ത ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു മരുന്നു കിട്ടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ചെയ്തിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: രോഗികൾക്ക് ആവശ്യമായ മരുന്നുകൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. പി. നാണു: സാധുക്കളായ രോഗികൾക്ക് ആവശ്യമായ മരുന്നു ആശുപത്രിയിൽ ഇല്ലെങ്കിൽ അതു വാങ്ങിക്കൊടുക്കുന്നതിനുള്ള പണം ആശുപത്രികൾക്ക് നല്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എറണാകുളം ജനറൽ ആശുപത്രിയിൽ മുറിവുകൾ വച്ചുകെട്ടുന്നതിനുള്ള ലിനൻ കിട്ടുന്നില്ലെന്നു ഗവമ്മെൻറിനു അറിയാമോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. സി. വി. ഇയ്യു: ലിനൻ തന്നെയല്ലാ അവിടെ കുട്ടികൾക്ക് വയറിളക്കുവാനുള്ള മരുന്നു, വെരപ്പൊടി മുതലായതും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: തീർച്ചയായും അതെല്ലാം അവിടെ കിട്ടുന്നുണ്ടെന്നറിയാം.

ശ്രീ. സി. വി. ഇയ്യു: എന്നാൽ ഇപ്പോൾ ഞാൻ പറയുന്നു അതു അവിടെ കിട്ടുന്നില്ലെന്ന്.

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മരുന്നു കൊടുത്തിട്ടുണ്ട്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: നാട്ടിൻപുറങ്ങളിലെ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമുള്ളതായ മരുന്നുകൾ ഇല്ലെങ്കിൽ അതു പുറമേനിന്നും വാങ്ങിക്കുന്നതിന് വിശേഷാൽ പണം ചെലവു ചെയ്യുന്നതിനു അവിടെ ഇരിക്കുന്ന ഡാക്ടർക്കു ഗവമ്മെൻറിൻെറ സാംഗ്ഷൻ കൂടാതെ പ്രത്യേക അധികാരമുണ്ടോ?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ചങ്ങനാശ്ശേരി-ആലപ്പുഴതോട്

* ൨൦വ്യ. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ളിക്ക് വർക്ക്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ തോടു വെട്ടിനു ആകെ എത്രരൂപാ ചെലവുവരും;

(ബി) എത്ര കൊല്ലംകൊണ്ടു ഈ ജോലി പൂർത്തിയാകും?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൩. ൫൦ ൻ ലക്ഷം ഉറപ്പിക.

(ബി) ഉദ്ദേശം രണ്ടര കൊല്ലംകൊണ്ടു് ഈ ജോലി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ആലപ്പുഴ—ചങ്ങനാശ്ശേരി തോടു പണി നിറുത്തി വയ്ക്കണമെന്നു ആരെങ്കിലും ആക്ഷേപം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: പത്രങ്ങളിൽ ചില ആക്ഷേപങ്ങൾ ഉള്ളതായി കണ്ടിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ തോടു ഇപ്പോൾ എത്ര മൈൽ വെട്ടിയിട്ടുണ്ട്?

ശ്രീ. കെ. എം. കോര: ഉദ്ദേശം രണ്ടര മൈലോളം പണി നടന്നിട്ടുണ്ട്.

ഭൂമിവിതരണം

* ൧൦൯. (വ്വ) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്യാററിൻകര കുന്നത്തുകാൽ പകുതി കാട്ടപ്പുകാണിപ്പാറ ഭൂമി എത്രപേർക്ക് പതിച്ചുകൊടുത്തിട്ടുണ്ടെന്ന പറയുമോ; അതിൽ പട്ടികജാതിക്കാരിൽപ്പെട്ട എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന പറയുമോ;

(ബി) ഈ ഭൂമി, വിതരണം സംബന്ധിച്ച് വല്ല പരാതികളും ഗവണ്മെൻറിന ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുതസ്ഥലത്ത് കാടുതെളിച്ച് ദേഹണ്ഡംചെയ്ത ഒരു പിന്നോക്ക സമുദായക്കാരൻെറ കൈവശമിരുന്ന ഭൂമി പ്രസ്തുതഭൂമി വിതരണംനടത്തിയ ഒരു മെമ്പറുടെ ബന്ധുക്കൾക്കും ചാർച്ചക്കാർക്കുമായി വീതിച്ചുകൊടുത്തതു സംബന്ധിച്ചുള്ള പരാതി ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ; അതിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) കുന്നത്തുകാൽ പകുതി കാട്ടപ്പുകാണിപാറ ഭൂമി ആർക്കും പതിച്ചുകൊടുത്തിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ആ പകുതിയിൽ എന്തെങ്കിലും സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനടുത്തുള്ള ചില സർവെ നമ്പരുകളിൽ നിന്ന സ്ഥലം കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: അവിടെ ചിലർ പ്രത്യേകം അതിരു തിരിച്ചു തെങ്ങ്, കവുങ്ങ് മുതലായ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ അന്യർക്ക് പതിച്ചുകൊടുത്തിട്ടുള്ളതായി ഗവണ്മെൻറിലേക്ക് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസു വേണം.

Mr. Speaker : Next question.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഞാൻ ചോദിച്ച ചോദ്യത്തിൻെറ ഉത്തരം.

Mr. Speaker : I have already called the next question.

ഭൂമിപതിവ്

* ൧൧൦. (ൻ) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

മൂവാററുപുഴ താലൂക്കിൽപ്പെട്ട മന്നാംകണ്ടം പിന്നോക്കസമുദായക്കാർക്ക് പതിച്ചുകൊടുക്കുവാൻ ഗവണ്മെൻറനുവദിച്ചതു് എന്നാണെന്ന പറയുമോ; ആ ഭൂമി ഇതിനകം ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

മന്നാംകണ്ടംപിന്നോക്ക സമുദായക്കാർക്ക് കൊടുക്കുന്നതിന റിസർവ്വ് ചെയ്തതു് ൧൯൫൦ ആഗസ്റ്റ് ൨൯-ൽ ആണ്. ആ ഭാഗം ആർക്കും കൊടുത്തിട്ടില്ല.

മിസ്റ്റർ സ്പീക്കർ: അടുത്ത ചോദ്യം.

ശ്രീ പി. കെ. കൃഷ്ണൻ ശാസ്ത്രി: അങ്ങിനെ കൊടുക്കാതിരിക്കുവാൻ....

Mr. Speaker: I have already passed into the next question.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: സർ, എ പായിൻറ് ഓഫ് ഓർഡർ. എൻെറ ചോദ്യത്തിനു എനിക്കു സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുവാൻ അനുവാദം നിഷേധിക്കുന്നതു് എന്തുകൊണ്ടാണു്?

മിസ്റ്റർ സ്പീക്കർ: ബഹു. മന്ത്രി ഉത്തരം പറഞ്ഞതിനുശേഷം ഞാൻ കുറെ നേരം വെയിററു ചെയ്തു, ബഹു. മെമ്പറൊ മററു മെമ്പർമാരൊ ചോദ്യങ്ങൾ ചോദിക്കാതിരുന്നതുകൊണ്ടാണു് ഞാൻ അടുത്ത ചോദ്യത്തിലേക്കു പ്രവേശിച്ചതു്.

കുത്തകപ്പാട്ടം

*൧൧൧. (൧൦) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊട്ടാരക്കര താലൂക്കിൽ വെളിയം പകുതിയിൽപ്പെട്ട വെങ്ങൂർമല ഇതിനകം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടോ; ടി സ്ഥലം പിന്നോക്ക സമുദായത്തിൽപെട്ടവർ അപേക്ഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

അതിൽ ആർക്കും കൃഷിക്കായി സ്ഥലം കൊടുത്തിട്ടി ; കൊടുക്കുവാനും ഇല്ല. വിവരം ശേഖരിച്ചുവരുന്നു.

REST HOUSES AND TRAVLLERS' BUNGALOW

***112** [12]. **Sri. Paul Thaliat:** Will the hon. the Chief Minister be pleased to state:

(*a*) whether it is a fact that the Government have given the management of the Rest Houses and Travellers' Bungalow, to a company called Travancore-Cochin Tourists Bureau Ltd.;

(*b*) if so, the conditions and terms under which the management has been given to the Company;

(c) the names of the Managing Agents and Directors of the company; and

(*d*) the amount invested in the Company by the Government?

Chief Minister **(Sri. C. Kesavan)**: No. Government have passed orders recognising the Travancore-Cochin Tourists Bureau Ltd., Trivandrum as the tourist agency in the State.

(*b*) Certain rest houses and campsheds are proposed to be leased to the Company in connection with the tourist traffic in the State.

(c) The United Co-oporation, Trivandrum. Manging Agents.

Messrs. K. R. Elankath, Director
C. P. Ramakrishna Reddi, Trivandrum, Director
K. M. Chandy, Maramon, Director
A. V. George, Kottayam, Director
Parayath Raman Menon, Director
Director, State Guests Department, Director
K. R. G. Menon, Trivandrum, Managing Director.

(*d*) Not yet finally decided.

ശ്രീ. പാറം തളിയത്തു്: മാനേജിങ്ങ് ഡയറക്ടർ ആരാണു്?

Sri. C. Kesavan: The Managing Director is Mr. K. R. G. Menon who is the Managing Agent of the Company.

Sri. N. Daniel Jose: Has the Company applied or any loan, to the Government, and if so, what is the amount?

Sri. C. Kesavan: No.

IMFORTERS OF TEXTILE YARN

*113. [13] **Sri. Paul Thaliat:** Will the hon. Minister for Textiles be pleased to state the names of the importers of textile yarn in the State, with the number of bales allotted to each of them during the last six months?

Minister for Finance and Food **(Sri. K. M. Korah):** The required statement is given below.

STATEMENT

Name and address of the Importer	Quantity allotted during the last 6 months					
	March	April	May	June	July	August
1. Cochin Cottage Industries Co-operative Marketing Society Ltd., Trichur ..	159	147	122½	137	182	192
2. Travancore Sri Mulam Handloom Weavers Central Co-operative Society Ltd., Trivandrum ..	52	113	91½	137	78	73
3. SK. AR. SM. Ramanathan Chettiar, Trivandrum ..	54	71	18	..	..	..
4. R. S. A. C. Kasi & Bros. Trivandrum ..	36	68	22	42	26	39
5. The Vinayakar Textiles, Trivandrum ..	30	68	22	39	26	35
6. R. V. Nadar & Co., Nagarcoil ..	32	65	20	22	21	18
7. Rajangom & Co. ..	33	58	20	23	23	18
8. Sha Talaksee Varchraj, Quilon ..	37	83	17	17	31	31
9. Hormis & Co., Alwaye ..	20	32	15	23	13	..
Total ..	453	705	348	440	400	406

ശ്രീ. പാൾ തളിയത്ത്: ഇതിനെപ്പറ്റിയുള്ള സ്റ്റേറ്റുമെന്റ് സഭയിൽ വായിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: വിരോധമില്ല. But it is a pretty long statement.

ശ്രീ. പാറം തളിയത്തു്: ഇവക്കു എല്ലാപേക്കും കൊടുത്തിരിക്കുന്ന കൃാണ്ടിററി ഒരുപോലെയാണൊ?

ശ്രീ. കെ. എം. കോര: ഒരുപോലെയല്ല.

ശ്രീ. പാറം തളിയത്തു്: ലൈസൻസു് ഫീസു് ഒടുക്കിയിരിക്കുന്നതു എല്ലാവരും ഒരുപോലെയല്ലേ?

ശ്രീ. കെ. എം. കോര: അതെ.

ശ്രീ. പാറം തളിയത്തു്: അങ്ങിനെയാണെങ്കിൽ കൃാണ്ടിററിയിൽ വ്യത്യാസം വന്നതു് എങ്ങിനെയാണു്?

ശ്രീ. കെ. എം. കോര: വ്യത്യാസംവന്നതു് എന്തുകൊണ്ടാണെന്നുള്ളതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതിനു നോട്ടീസു് വേണം.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആക്കാണു കൂടുതൽ കൃാണ്ടിററി കൊടുത്തിരിക്കുന്നതു് എന്നു പറയാമൊ?

Sri. K. M. Korah: Cochin Cottage Industries Cooperative Marketing Society, Ltd., Trichur. I think that may be the highest.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഓരോ തവണയും എത്രവീതമാണു് കൊടുത്തിട്ടുള്ളതെന്നു പറയാമൊ?

ശ്രീ. കെ. എം. കോര: പറയാം.

൧൯൫൧ മാർച്ചിൽ		൧൬൯
എപ്രിൽ		൧൪൭
മേയ്	..	൧൨൨½
ജൂൺ	..	൧൩൭
ജൂലായി	..	൧൮൨
ആഗസ്റ്റ്	..	൧൯൨

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഓരോ തവണയും കൃാട്ടയിൽ കൂടുതൽകുറവു വരാൻ കാരണമെന്താണു്?

ശ്രീ. കെ. എം. കോര: ചിലപ്പോൾ കൂടിയും ചിലപ്പോൾ കുറഞ്ഞുമിരിക്കും.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആഗസ്റ്റ്മാസത്തിൽ കുറഞ്ഞ കൃാട്ട കൊടുത്തിട്ടുള്ളതു ഏതു കമ്പനിക്കാണു്?

ശ്രീ. കെ. എം. കോര: ആർ. വി. നാടാർ കമ്പനിക്കും, രാജാങ്കം കമ്പനിക്കും.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എത്ര വീതമാണു് അവക്കു കൊടുത്തിട്ടുള്ളതു് എന്നു പറയാമോ?

ശ്രീ. കെ. എം. കോര: ൧൮൨ വീതം.

Sri. P. Balakrishnan Tampi: Is not the allocation of quota based on the availability of materials as well as on local requirements?

Sri. K. M. Korah: Both on the availability of materials and on the local needs.

ശ്രീ. പാറം തളിയത്തു്: ഓരോരുത്തക്കും വ്യത്യസ്ത രീതിയിലുള്ള കൃാണ്ടിററിയാണു് കൊടുത്തിട്ടുള്ളതെന്നു് ഗവമെൻറിനു ബോദ്ധ്യപ്പെട്ടിട്ടില്ലേ?

Mr. Speaker: That is a matter of opinion.

ശ്രീ. കെ. എസ്. ജോസഫ്: തിരുവിതാംകൂർ കൊച്ചിക്കു പ്രതിമാസം അനുവദിക്കുന്ന കൃാട്ടയുടെ കൃാണ്ടിററി എത്രയാണെന്നു പറയാമൊ?

ശ്രീ. കെ. എം. കോര: അതിനു നോട്ടീസ് വേണം.

FOOT PATH

***114. (14) Sri. Paul Thaliat:** Will the hon. Minister for Public Works be pleased to state.—

(*a*) whether the foot-path through Mannamthuruth Kara in Varapuzha pakuthi in Parur taluk has been opened;

(*b*) if the answer to (*a*) is in the negative, when the land acquisition proceedings have been completed;

(c) if so, the date on which the land required for the path has been handed over to the P. W. Department by the Revenue Department; and

(*d*) when the work of the foot-path will be taken up?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) No.

(*b*) The land acquisition proceedings have not been completed.

(*c*) On 14th September 1950, the acquired lands except 200 ft. were handed over to the Public Works Department.

(*d*) In 1952, 53 after making provision in the budget.

ശ്രീ. പാറം തളിയത്ത്: ലാൻഡ് അക്വിസിഷൻ പ്രൊസീഡിംഗ്സ് ഇതുവരെ പൂർത്തിയായിട്ടില്ലെന്നാണൊ പറയുന്നത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതെ.

ശ്രീ. പാറം തളിയത്ത്: എടുത്തുകൊടുത്ത സ്ഥലത്തു ജോലി ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

ശ്രീ. പാറം തളിയത്ത്: ഒരു കൊല്ലത്തിനുമുൻപു സ്ഥലം എടുത്തുകൊടുത്തിട്ടും അവിടെ ജോലി ആരംഭിക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ൨൦൦ അടികൂടി എടുക്കേണ്ടതായിട്ടുണ്ട്. അതുകൂടി എടുത്തുകഴിഞ്ഞിട്ടേ ജോലി തുടങ്ങുകയുള്ളു.

COMMUNIST CONVENTION

***115.** [15] **Sri. D. Gnanasigamoni:** Will the hon. Chief Minister be pleased to state:—

(*a*) the number of persons arrested in connection with the Communist Convention at Alleppey; and

(*b*) whether any cases have been taken up against them?

Chief Minister **(Sri. C. Kesavan):**

(*a*) 15.

(*b*) Crime No. 54 of 1951 has been registered in the Alleppey North Police Station in this connection.

Sri. D. Gnanasigamoni: Has the charge sheet been laid?

Sri. C. Kesavan: I think it has been. I cannot say for certain. A case has been taken up and I do not know whether it has been charged yet.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രിവെൻറിവ് ഡിറെറൻഷൻ അനുസരിച്ച് ഇവരെ ഇപ്പോഴും തടങ്കലിൽ വച്ചുകൊണ്ടിരിക്കയല്ലെ?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതു ശരിയാണൊ?

Mr. Speaker: The question is disallowed, because it contains an insinuation.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റ് ആശയമുള്ളവർ ഒന്നിച്ചുകൂടുന്നതു നിയമവിരുദ്ധമാണോ?

Mr. Speaker: The question is disallowed.

Sri. R. K. Ram: May I know the reasons that led to the cause of their arrest?

Sri. C. Kesavan: They were breaking the law at the time.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവർ ഒന്നിച്ചുകൂടുന്നതു എങ്ങിനെ നിയമവിരുദ്ധമാണെന്നറിഞ്ഞാൽകൊള്ളാം.

Sri. C. Kesavan: That is a matter in which the question cannot arise, because they were breaking the law. Whether their action was tantamount to breaking of law is a matter for interpretation by courts. You can put it to a court of law.

Sri. D. Gnanasigamoni: Was there an order prohibiting the convening of this convention?

Sri. C. Kesavan: No. Not the convention. But the Communist Party has been declared an unlawful organization and that organization was officially holding a meeting. That was breaking the ban on the organization, and therefore they were arrested.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കൺവെൻഷൻ കൂടിക്കൊണ്ടിരിക്കുന്ന എന്നുള്ളതിലേക്ക വല്ല പ്രസിദ്ധീകരണവും ഗവൺമെന്റിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൺവെൻഷൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പേരിൽ അല്ലെന്നും ഏതാനും വ്യക്തികളുടെ പേരിലാണെന്നും അറിയാമൊ?

ശ്രീ. സി. കേശവൻ: അങ്ങിനെയല്ല ഗവൺമെന്റു ധരിച്ചിരിക്കുന്നതു്.

Sahib Bahadur T. A. Abdulla: A point of order. The matter is before the court. The question is whether it was a meeting organised by the communist party or by a group of individuals. So, the matters arising out of these questions cannot be discussed here.

Mr. Speaker: According to me the questions already put do not relate to matters which are *subjudice*.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇലക്ഷൻ കാര്യത്തിനുവേണ്ടിയല്ലേ അവർ ഒന്നിച്ചുകൂടുന്നതു്?

Sri. A. P. Udayabhanu: Is it not a hypothetical question?

Mr. Speaker: Yes.

Sri. A. K. Patchu Pillai: My point is whether the particular convention was not held to conduct election business? That is why I put the question.

Mr. Speaker: It is a hypothetical question. It is disallowed.

Sri. R. K. Ram: Is there any law prohibiting any people to assemble together to discuss the election matters?

Chief Minister **(Sri. C. Kesavan):** There is no prohibition.

വീരശൈവരുടെ ജനസംഖ്യ

*൧൯. (൧൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു വീരശൈവരുടെ ജനസംഖ്യ എത്രയാണ്;

(ബി) അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തി വല്ല തീരുമാനവും ഗവമ്മെൻറിൽനിന്നും ചെയ്തിരുന്നോ; ഇപ്പോൾ അതിനു വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ൨൩,൫൫൧.

(ബി) ചെയ്തിരുന്നു. ഉണ്ടു്. ഇൻഡ്യൻ ഭരണഘടനാനിയമം ൩൪൧-ാം വകുപ്പനുസരിച്ചുള്ള പട്ടികജാതിക്കാരുടെ ലിസ്റ്റിൽ വീരശൈവ സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ പ്രസ്തുത സമുദായത്തെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽനിന്നും നീക്കംചെയ്തു മററു പിന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ ചേർത്തു.

ശ്രീ. സി. വി. ഇട്ടു: വീരശൈവ സമുദായമെന്നല്ലാതെ ഇവർക്കു വേറെ വല്ല പേരുമുണ്ടോ?

ശ്രീ. സി. കേശവൻ: കൊല്ലം താലൂക്കിൽ ഇവരെ പണ്ടാരങ്ങൾ എന്നു വിളിക്കുന്നു.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു പുറത്തു് ഈ സമുദായക്കാർ ഇല്ലേ?

ശ്രീ. സി. കേശവൻ: ഉണ്ടായിരിക്കണം.

പോലീസ് മർദ്ദനം

* ൮൮൧. (൮൧) ശ്രീ അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) എടക്കൊച്ചി സ്വദേശിയായ ചക്കാലക്കൽ ജോസഫ് എന്ന ഒരുത്തനെ തുറവൂർ പോലീസ് കാൺസ്റ്റബിൾമാരും ഇൻസ്പെക്ടരുംകൂടി എഴുപുന്നയിൽവച്ചു കഠിനമായി ദേഹോപദ്രവമേല്പിച്ചു എന്നുള്ള ഒരു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ), (ബി) ഇവയുടെ ഉത്തരത്തിനുവേണ്ടി വിവരം ശേഖരിച്ചുവരുന്നതേയുള്ളു.

ഭക്ഷ്യവിതരണം

* ൮൮൨. (൮൨)‡ ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവിഭവസംഭരണ വിതരണത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എന്തു നഷ്ടമുണ്ടാകുമെന്നാണു് പ്രതീക്ഷ;

(ബി) ഭക്ഷ്യവിഭവങ്ങളുടെ വില വർദ്ധിപ്പിക്കാതെ നിലവിലിരിക്കുന്ന മദ്യനിരോധനം നിറുത്തിവച്ചിട്ടോ മരണനികുതി ഏർപ്പെടുത്തിയിട്ടോ ഈ നഷ്ടം പരിഹരിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഇപ്പോഴത്തെ വില നിരക്കു് ൮൩൫-ൽ തുടരുന്നപക്ഷം ൪൨ ലക്ഷം രൂപാ നഷ്ടമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

(ബി) ഇല്ല.

‡ As the member was absent, this question was put by Sri. Krishnan Ayyappan, with the permission of the Chair.

ടൌൺ അലവൻസ്

*൧ ൧൯. (൧൯) ശ്രീ. അലക്സാണ്ടർ വാകയിൽ:‡ താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി വിഭാഗത്തിൽ നിലവിലിരുന്ന ടൗൺ അലവൻസ് നിറുത്തുന്നതിനുള്ള കാരണമെന്തു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): ക്ഷാമബത്ത നിരക്കുകൾ ഏകീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്ത പദ്ധതിയുടെ ഒരു അംശമായി കൊച്ചി വിഭാഗത്തിൽ നിലവിലിരുന്ന ടൗൺ അലവൻസ് നിറുത്തൽ ചെയ്തു.

Sri. A. K. George : Was it on the recommendation of the Standing Finance Committee ?

Sri. K. M. Korah : Yes.

Sri. A. K. George : Was there any dissenting minute in the report of the Standing Finance Committee ?

Sri. K. M. Korah : Yes.

Sri. A. K. George : Who was the author of the dissenting minute?

Sri. K. M. Korah : Sri. K. Balakrishna Menon.

Sri. A. K. George : May I know whether the Government are aware whether Mr. Menon was the only member of the Standing Finance Committee from the erstwhile Cochin State ?

Sri. K. M. Korah : That may be so.

Sri. P. Balakrishnan Tampi : I rise to a point of order. Is a discussion of what happened in the Standing Finance Committee allowable on the floor of this House ? —especially mentioning the name of a particular gentleman who is there—apart from the question of advantage or disadvantage from the party point of view?

Mr. Speaker : There was no request for information concerning the discussion that took place in the Standing Finance Committee. It is only a question for information regarding the person who wrote the dissenting minute. Nothing else.

Sri. D. Gnanasigamoni : May I know whether the Travancore service personnel who are now working in Ernakulam were receiving town allowance at any time ?

Sri. K. M. Korah : No.

Sri. D. Gnanasigamoni : May I know whether there were complaints that it ought to be equalized or that the town allowance givan to Cochin service personnel should be discontinued ?

Sri. K. M. Korah : There was difference so far as dearness allowance was concerned in the two erstwhile States. So, it was necessary that a uniform rate should be fixed, and in fixing that rate, naturally, on the recommendation of the Standing Finance Committee, Government decided to abolish the town allowance.

ശ്രീ. സി. വി. ജ്ജു: ഡിയർനസ് അലവൻസ് ഏകീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി കൊച്ചി വിഭാഗത്തിലുള്ള പല തരത്തിലുള്ള ഉദ്യോഗസ്ഥന്മാർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തുക കുറഞ്ഞുപോയിട്ടുണ്ടെന്നു അറിയാമോ ? അതായതു് ഞാൻ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെപ്പററിയല്ല പറയുന്നതു്. കൊച്ചി വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരെപ്പററിയാണു് പറയുന്നതു്.

Mr. Speaker : A question should not be unduly long.

---

‡ Put by Sri. Krishnan Ayyappan with the permission of the Chai

Sri. C. V. Iyyu: I just want the hon. Minister to understand things. മാത്രമല്ലാ തന്നിമിത്തം തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാൎക്ക് ശമ്പളം കൂട്ടുകയും ചെയ്തിട്ടില്ലേ ?

Mr. Speaker: Order, order. Has the Member got any pointed question to ask?

Sri. C. V. Iyyu: Yes; that is, all the Cochin officers, even menials, are affected by this order.

ഇപ്പോഴും അവൎക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളവും അലവൻസും ഉൾപ്പെടെയുള്ള തുക കൊച്ചി വിഭാഗക്കാൎക്ക് ഇപ്പോഴും കിട്ടുന്നില്ലെന്നും തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാൎക്ക് മുൻപുണ്ടായിരുന്നതിൽ കൂടുതലാണ ഈ രണ്ടിനത്തിലും കിട്ടിക്കൊണ്ടിരിക്കുന്നതെന്നും ഗവൺമെന്റിന് അറിഞ്ഞുകൂടേ?

ശ്രീ. കെ. എം. കോര: ബഹു. മെമ്പർ പറയുന്നതു ശരിയല്ല.

Sri. D. Gnanasigamoni: Is it not a fact that after the equalization, Cochin service personnel got a little more than what they were getting before, including town allowance?

Sri. K. M. Korah: That is not perfectly correct. In the case of some officers, it was an advantage. In the case of some other officers, it was not an advantage, so far as financial matters were concerned. That is the position.

BUS CHASSIS

*__120.__ [22] **Sri. A. K. George:** Will the hon. Minister for Transport be pleased to state.—

(*a*) how many new bus chassis have been ordered to be purchased by the Government this year;

(*b*) which are the models selected and ordered for; and

(*c*) are the models the recommendations of the Standing Advisory Committee for Transport?

Chief Minister **(Sri. C. Kesavan):**

(*a*) No vehicle has been purchased or ordered to be purchased during the current financial year;

(*b*) and (*c*) Do not arise in view of answer to (*a*).

Sri. A. K. George: Is it true that this matter for ordering new chassis has been placed at a meeting of the Standing Advisory Committee for Transport?

Sri. C. Kesavan: That may or may not have been placed. It is not a matter to be discussed here. Decision of Government was taken after taking certain steps. Whether that question went to the particular Secretary to Government or particular Assistant Secretary to Government or to a Committee is a matter for Government. Anyway the question has not been taken up and no orders have been passed.

Sri. A. K. George: I am not talking about the Assistant Secretary and all that. The Standing Advisory Committee for Transport is a body consisting of members selected from the floor of the House. Naturally my question was concering that and that alone.

Sri. C. Kesavan: I see the point.

Sri. A. K. George: Then, may I know whether the recommendations of the Standing Advisory Committee with regard to the purchases have been referred to another expert committee?

Sri. C. Kesavan: What the Standing Advisory Committee recommended is being scrutinised by an expert committee.

തെരഞ്ഞെടുപ്പ്

*൧൨൧. (൨൬) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടുത്ത പൊതു തെരഞ്ഞെടുപ്പ് സ്വതന്ത്രമായിരിക്കാൻ വേണ്ടി എല്ലാ പാർട്ടികളെയും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അനുവദിക്കുമോ;

(ബി) കമ്മ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) അതെ.

(ബി) കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധനം നീക്കുന്നതിനു മുൻപ് ആ പാർട്ടിയെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനു അനുവദിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: തെരഞ്ഞെടുപ്പിനു മുൻപു നിരോധനം നീക്കുവാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. സി. വി. ഇട്ടൂ: ഇങ്ങനെ അവരുടെ പേരിലുള്ള നിരോധനം നീക്കാത്തതുകൊണ്ട് അവർക്ക് കൂടുതൽ പ്രാധാന്യം ഉണ്ടാകുന്നുവെന്ന് അറിയാമോ?

ശ്രീ. സി. കേശവൻ: അതു തെറ്റാണ്.

HINDI INSTITUTIONS

***122.** [27] **Sri. K. Ramachandran:** Will the hon. Minister for Education be pleased to state.—

(a) the number of Hindi Institutions managed exclusively by Government;

(b) number of Hindi Institutions to whom Government are allocating grant?;

Minister for Education and Revenue **(Sri. L. M. Pylee):**

(a) Nil.

(b) 1.

Sri. K. Ramachandran: May I know the minimum qualification for Hindi teachers being appointed in institutions?

Sri. L. M. Pylee: I claim notice.

Sri. K. Ramachandran: Are the Government aware that a higher standard of qualification than is stipulated now is required for the teaching of Hindi in the institutions?

Sri. L. M. Pylee: I claim notice.

YOGIC ASANAS

***123.** [28] **Sri. K. Ramachandran:** May I know from the hon. Minister for Education, the steps taken by Government to impart education on Yogic exercises to students of the higer and secondary schools of the State?

Minister for Education and Revenue **(Sri. L. M. Pylee):** There is no provision for imparting Yogic exercises in High Schools; but formerly there was an officer in the erstwhile Travancore State.

Sri. K. Ramachandran: Will the services of that officer be secured again?

Sri. L. M. Pylee: That is a suggestion for future action.

ശ്രീ. സി. വി. ഇയ്യു: ഇങ്ങനെ സ്കൂളുകളിൽ യോഗാഭ്യാസം പഠിപ്പിക്കുന്നതുകൊണ്ട് കുട്ടികളുടെ ഹൃദയത്തിനു തകരാറ് ഉണ്ടാകുന്നുവെന്ന് അറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ഒരു കാര്യം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: വൈദ്യന്മാരുടെ അഭിപ്രായംകൂടി ഗവൺമെന്റ് ഈ വിഷയത്തിൽ അന്വേഷിച്ചിട്ടുണ്ടോ?

Mr. Speaker: That question is disallowed.

FINAL REPORT OF THE COTTAGE INDUSTRIES COMMITTEE

*124. [29] **Sri. N. Daniel Jose:** Will the hon. Minister for Industries be pleased to state.—

(*a*) whether the Government has received the final report of the Cottage Industries Committee;

(*b*) if not, when is it expected?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(*a*) No.

(*b*) By the end of December 1951.

Sri. N. Daniel Jose: Did the Japanese expert who was here make some recommendations, and if so, have the Government accepted any of them?

Sri. P. K. Krishnankutty Menon: Those are before the Board for examination.

Sri. A. P. Udayabhanu: Has the Government considered the desirability of establishing cottage industries emporiums in the important cities of the State?

Sri. P. K. Krishnankutty Menon: The Board is collecting details on that matter and may recommend to Government the necessary steps to be taken.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: തിരുവനന്തപുരത്ത് എക്സ്പരിമെന്റൽ ആയി ഏതെങ്കിലും കാട്ടേജ് ഇൻഡസ്ട്രീസ് തുടങ്ങിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഇതേവരെ ഉണ്ടായിട്ടില്ല.

പി. ഡബ്ളിയു. ഡി. ബഡ്ജററ് വിഭാഗം

*൧൨൫. (൩൦) †ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മുന്നാണ്ടുകളിൽ ബഡ്ജററ് നിയമസഭയിൽ പാസ്സായി കഴിഞ്ഞാലുടൻ വിവിധ താലൂക്കുകളിലും ചെയ്യേണ്ട വർക്കുകളുടെ എസ്റ്റിമേററ് അനുവദിച്ച തുകകൾ ഇവ കാണിച്ചിട്ടുള്ള പി. ഡബ്ളിയു. ഡി. ബഡ്ജററ് വിഭാഗം എല്ലാ പി. ഡബ്ളിയു. ഡി. ഉദ്യോഗസ്ഥന്മാർക്കും അയച്ചുകൊടുക്കുക പതിവായിരുന്നോ;

(ബി) ഈയാണ്ടിൽ ൧൯൫൧-൫൨ ബഡ്ജററ് കഴിഞ്ഞ മാർച്ച് മാസത്തിൽ പാസ്സായിക്കഴിഞ്ഞിട്ടും appendices to the detailed Budget estimates ൧൯൫൧-൫൨ പി. ഡബ്ളിയു. ഡി. ഉദ്യോഗസ്ഥന്മാർക്ക് അയച്ചു കൊടുത്തിട്ടുണ്ടോ;

(സി) അയച്ചു കൊടുത്തില്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

---

† As the Member was absent, this question was put by Sri. P. Chacko, with the permission of the Chair.

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) അതേ.

(ബി) ചീഫ് ഇൻജനീയരുടെ കീഴിലുള്ള എല്ലാ ആഫീസുകളുടെയും ആവശ്യത്തിനു് അയച്ചുകൊടുക്കുക പതിവാണു്.

(സി) ഉദിക്കുന്നില്ല.

ശ്രീ. പി. ചാക്കൊ: ഈ റിപ്പോർട്ടു് ബഡ്ജററു വക്കുകൾ ഡിസ്കസ്സ് ചെയ്യുന്നയവസരത്തിൽ കിട്ടാതിരിക്കുന്നതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. പി. ചാക്കൊ: തിരുവല്ലായിൽ ഇതേവരെ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിനെക്കുറിച്ചു് അന്വേഷിക്കാം.

പ്രിൻസിപ്പാളന്മാരുടെ ശമ്പളസ്കെയിൽ

*൧൨൩. (൩൧) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ യൂണിവേഴ്സിററി കാളേജ് പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്;

(ബി) വിമൻസ് കാളേജ് പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്;

(സി) ട്രെയിനിംഗ് കാളേജ് (തിരുവനന്തപുരം) പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ശമ്പളം ൪൫൦—൫൦—൭൫൦ രൂപാ. അലവൻസ് ൧൦൦ രൂപാ.

(ബി) ശമ്പളം ൩൫൦—൨൫—൪൫൦ രൂപാ. അലവൻസ് ഇല്ല.

(സി) ശമ്പളം ൪൫൦—൫൦—൭൫൦ രൂപാ അലവൻസ് ഇല്ല.

ശ്രീ. പി. ചാക്കൊ: ഇങ്ങിനെ അലവൻസിൽ വ്യത്യാസം വന്നിരിക്കുന്നതെന്താണു്?

ശ്രീ. എൽ. എം. പൈലി: വിമൻസുകാളേജു് പ്രിൻസിപ്പാളിന്റെ കാര്യം ഗവമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. ചാക്കൊ: ട്രെയിനിംഗ് കാളേജിൽ പ്രിൻസിപ്പാളിനു് അലവൻസ് കൊടുക്കാത്ത കാരണമെന്താണു്?

ശ്രീ. എൽ. എം. പൈലി: അതായതു് ചില കാളേജുകളിൽ സീനിയർ പ്രഫസർമാർ പ്രിൻസിപ്പാളന്മാരായി നിയമിക്കപ്പെടും. അവക്കു് ൧൦൦ രൂപാ അലവൻസു കൊടുക്കും. ട്രെയിനിംഗ് കാളേജിനെ സംബന്ധിച്ചിടത്തോളം പ്രിൻസിപ്പാളിനുതന്നെ പ്രത്യേക ശമ്പളമാണു്. അതുകൊണ്ടു് അലവൻസ് കൊടുക്കാറില്ല.

ശ്രീ. ജോസഫ് മാത്തൻ: അവിടെയും സീനിയർ മോസ്റ്റ് പ്രഫസറെ നിയമിക്കുകയാണെങ്കിൽ അദ്ദേഹത്തിനു അലവൻസു കൊടുക്കുമോ?

ശ്രീ. എൽ. എം. പൈലി: അതു് ഒരു ഹൈപ്പൊത്തററിക്കൽ ചോദ്യമാണു്.

SCHOLARSHIPS

***127.** [32] **Sri. K. A. Mathew:** Will the hon. Mimister for Education be pleased to state. -

(*a*) whether Government scholarships won by the first six pupils passing the E.S.L.C. Examination in the Travancore area during the last four years have been actually paid;

(*b*) if so, whether they would lay on the table the list of those who were paid the scholarships in the respective years; and

(c) if the scholarships have not been paid the reasons for the same?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി:) വിവരം ലഭിച്ചിട്ടില്ല.

പോലീസ് മർദ്ദനം

* ൧൨൮ എ. (൩൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ,—

(എ) ൧൧൨൯-ൽ പോലീസ് ആക്രമത്തെ കുറിച്ചും മർദ്ദനത്തെ കുറിച്ചും പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) അവയിൽ എത്ര എണ്ണം തീർച്ചചെയ്തു; എത്രയെണ്ണം തീർച്ച ചെയ്യാതെ കിടക്കുന്നുണ്ടു്;

(സി) അതിൽ എത്ര കേസ്സിൽ പോലീസുകാരെ ശിക്ഷിച്ചിട്ടുണ്ടെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) തീർച്ച ചെയ്തതു് ൧ ൧൩. അന്വേഷണത്തിലിരിക്കുന്നതു് ൪൩.

(സി) ൧൧.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തൊടുപുഴ പോലീസ് ഇൻസ്പെക്ടർ ശ്രീ. പൊന്നയ്യാ നാടാർ ഒരു പോലീസുകാരനെ മർദ്ദിച്ചതു് സംബന്ധിച്ചുള്ള അന്വേഷണം ഏതു രീതിയിൽ ഇരിക്കുന്നു?

ശ്രീ. സി. കേശവൻ: അതിനെക്കുറിച്ചു് അന്വേഷിക്കുന്നുണ്ടു്.

ശ്രീ. കെ. രാമചന്ദ്രൻ: കൊട്ടാരക്കരയിലെ സുരേന്ദ്രന്റെ മർദ്ദനത്തെക്കുറിച്ചുള്ള അന്വേഷണം എങ്ങിനെയിരിക്കുന്നു.

ശ്രീ. സി. കേശവൻ: അതു് ഫയിനൽ ആയിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: എന്നത്തേക്കു് ഫയിനൽ ആകും?

ശ്രീ. സി. കേശവൻ: അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: റിപ്പോർട്ടു് പ്രസിദ്ധീകരിക്കാത്തതു് എന്താണു്?

ശ്രീ. സി. കേശവൻ: അതിന്റെ നടപടി മുഴുവനായിട്ടില്ല.

---

*As the Member was absent, question Nos, 128 A. and 128 B. were put by Sri. E. Gopalakrishna Menon, with the permission of the Chair.

ലോക്കപ്പ് മർദ്ദനം

*൧൨൮. A. (൩൮) ശ്രീ. കണ്ണന്താറ ഗോപാലപ്പണിക്കർ: ‡ താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൧-ൽ ലോക്കപ്പുമർദ്ദനത്തെക്കുറിച്ച് പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(സി) അവയിൽ ഏതെങ്കിലും പരാതി മുഖ്യമന്ത്രിയോ, ഐ. ജി. യോ നേരിട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

ഉത്തരം തയ്യാറായിട്ടില്ല.

മദ്യപാനം

*൧൨൮. B. (൩൯) ശ്രീ. കണ്ണന്താറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൧-ൽ ഉദ്യോഗസ്ഥന്മാർ മദ്യപാനം ചെയ്തതിലേക്ക്, മദ്യപാനം ചെയ്തശേഷം ബഹളങ്ങളും വഴക്കുകളും ഉണ്ടായതിലേക്ക് എത്ര കേസുകൾ ഉണ്ടായിട്ടുണ്ടെന്നു പറയാമോ;

(ബി) അതിൽ പോലീസ് ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

ഉത്തരം തയ്യാറായില്ല.

MANURE SUBSIDY

***129.** [36] ‡ **Sri. Neelakantaru Pandarathil:** Will the hon. Minister for Food be pleased to state.—

(*a*) the amount of manure subsidy the Government received from the Centre during the last financial year ;

(*b*) whether Government are receiving the same concessions from the centre and if not the reasons why ; and

(*c*) the nature of distribution of manure subsidy to the ryots at present and whether Government ensure that the real ryot is being benefited by this subsidy ?

Minister for Finance and Food **(Sri. K. M. Korah):**

(*a*) Government of India have allotted a sum of Rs. 7,50,000 under manure subsidy for the year 1950-51, but no amount was actually received or adjusted from this amount during the year .

(*b*) Government of India have not sanctioned any grant under this item so far for the financial year 1951-52. The matter is under correspondence;

(*c*) Manure subsidy at the rate of four annas per para of paddy is being paid to owner cultivators and tenant cultivators for the paddy they sell out of their share of the yield. No subsidy will be paid in respect of the paddy procured from the share of the absentee land holders or jenmies.

---

‡As the member was absent, question Nos. 128 B & 128 C were put by Sri. E, Gopalakrishna Menon, with the permission of the Chair.

The intention of Government is that the ryots should indirectly be paid cash in order to enable them to pay full price for the manures instead of the subsidised price.

ശ്രീ. കെ. രാമചന്ദ്രൻ: ഇതു് പലയിടത്തും റയററ്സിനു് കിട്ടുന്നില്ലായെന്നും ജന്മിമാക്കാണു് കിട്ടുന്നതെന്നും അറിയാമോ?

Sri. K. M. Korah: How could it go to the jenmi?

DISPENSARY AT KALLARA

***130.** [37] **‡Sri. Neelakantaru Pandarathil:** Will hon. Minister for Medicine be pleased to state the progress made on the setting up of a dispensary at Kallara in Nedumangad taluk?

Chief Minister **(C. Kesavan):** The people of Kallara, Pangode, Muthuvelil have requested for a dispensary to be opened in their locality. As there was difference of opinion among the people of neighbouring localities about the site where the dispensary is to be opened they were informed that the Government would consider the question of opening it if people come to understanding about the site where the dispensary is to be located. There has been no further progress.

ശ്രീ. കെ. രാമചന്ദ്രൻ: രണ്ടു പാർട്ടികൾക്കും ഉപയോഗപ്രദമാകത്തക്കവണ്ണമുള്ള ഒരു സ്ഥലം തെരഞ്ഞെടുക്കുവാൻ ആലോചിക്കാമോ?

ശ്രീ. സി. കേശവൻ: അതു് ഗവമ്മെൻറിനു് ചെയ്യാനൊക്കുകയില്ല. അവർ രണ്ടുപേരും തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ ഗവമ്മെൻറിനു് ആർബിട്രേറ്ററായി ഒന്നും ചെയ്യാനൊക്കുകയില്ല.

MIDWIVES

***131.** [38] **‡Sri. Neelakantaru Pandarathil:** Will the hon. Minister for Medicine be pleased to state.—

whether it is a fact that there is a great dearth of Midwives in Nedumangad Taluk?

Chief Minister **(Sri. C. Kesavan):** No.

പൊൻകുന്നം സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി

* ൧൩൨. (൪൪) ശ്രീ. എം. കെ. പാച്ചുപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സിവിലും ക്രിമിനലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പൊൻകുന്നം സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് കോടതി ൧൧൦൮ മുതൽ ൧൧൨൫ വരെ സ്ഥിതിചെയ്തിരുന്ന സ്ഥലത്തുനിന്നും കാഞ്ഞിരപ്പള്ളി മുനിസിപ്പുകോടതി വളപ്പിലേക്കു മാററി സ്ഥാപിക്കുന്നതാണെന്നു ഓർഡർ പാസായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ നിവേദനം അനുസരിച്ചാണു്;

(സി) ഇതു സംബന്ധിച്ചു് സ്ഥലം മജിസ്ട്രേട്ടിൻെറയോ കോട്ടയം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിൻെറയോ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് മാററത്തിനു അനുകൂലമോ പ്രതികൂലമോ; ഇല്ലെങ്കിൽ കാരണമെന്തു്;

---

‡As the Member was absent, this question was put by Sri. K. Ramachandran, with the permission of the Chair.

(ഡി) ഈ പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും ഇതിന് മുമ്പ് അന്വേഷണം വല്ലതും നടത്തിയോ; നടത്തിയെങ്കിൽ അഭിപ്രായം എന്തായിരുന്നു;

(ഇ) മജിസ്ട്രേട്ടുകോടതി കെട്ടിടം ൧൧൨൬ വരെ സ്ഥിതിചെയ്തിരുന്ന സ്ഥലത്തു പുതുക്കി പണിയുന്നതിലേക്ക് ഗവൺമെൻറ് ആർഡർ അനുസരിച്ചു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽനിന്നും എസ്റ്റിമേററും പ്ലാനും സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ പ്രൊപ്പോസൽ മാററുന്നതിനുള്ള കാരണം;

(ജി) മാററുന്നതു് പൊതുജനങ്ങൾക്ക് ഉപദ്രവകരമായിരിക്കുമെന്നു ൩൦—൭—൧൧൨൪-ൽ ബഹുമാനപ്പെട്ട ജുഡീഷ്യൽ മന്ത്രിക്കു നാട്ടുകാരുടെ ഒരു നിവേദനം സമർപ്പിച്ചിരുന്നോ;

(എച്ച്) സ്ഥലനിവാസികളുടെയോ, ചിറക്കടവ്, ചെറുവള്ളി, വാഴൂർ, നെടുങ്കുന്നം ഈ പകുതികളെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. ശ്രീ. കളത്തിൽ വേലായുധൻ നായരുടെയോ അഭിപ്രായഗതി ഇതു സംബന്ധിച്ചു ആരാഞ്ഞിട്ടുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ടു്.

(ബി) ചില പൌരപ്രമാണികളുടെയും വക്കീലന്മാരുടെയും നിവേദനപ്രകാരം.

(സി) ഉണ്ടു്. പ്രതികൂലം.

(ഡി) നടത്തി. അനുകൂലാഭിപ്രായമാണ്.

(ഇ) ഇല്ല.

(എഫ്) മുകളിലത്തെ ഉത്തരപ്രകാരം ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉണ്ടു്.

(എച്ച്) അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ കാമ്പൌണ്ടിൽതന്നെ ഒരു സബ്ട്രഷറി പണിചെയ്തിരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിനു അനുവദിച്ചിരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ലോക്കൽ മജിസ്ട്രേട്ടുതന്നെ സബ്ട്രഷറിയുടെ ചാർജ്ജ് നിർവഹിക്കണമെന്നു് അറിയാമോ?

ശ്രീ. കെ. എം. കോര: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: സബ്ട്രഷറി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തിനും മജിസ്ട്രേട്ടുകോടതിക്കും തമ്മിൽ എത്ര ദൂരമുണ്ടെന്നു അറിയാമോ?

ശ്രീ. കെ. എം. കോര: ഏകദേശം ഒരു മൈൽ വരും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു ഉദ്യോഗസ്ഥകൊണ്ടു ഈ രണ്ടു സ്ഥലത്തെയും ജോലി ശരിയായി നിർവ്വഹിക്കുവാൻ സാദ്ധ്യമല്ലെന്നറിയാമോ?

ശ്രീ. കെ. എം. കോര: സാദ്ധ്യമല്ലാതെ വരികയില്ലെന്നാണ് ഗവൺമെൻറിൻെറ വിശ്വാസം.

ശ്രീ. എ. കെ. പാച്ചുപിള്ള: നാലു പോലീസ് സ്റ്റേഷൻ ഈ കോടതിയിലെ അതൃത്തിയിലുണ്ടെന്നറിയാമോ?

ശ്രീ. കെ. എം. കോര: നോട്ടീസ്സുവേണം

ഹജ്ജൂർ സെൻട്രൽ റിക്കാർഡ്സിലെ നിയമനം

* ൧൩൩. (൪൬) ശ്രീ. എം. പി. കൃഷ്ണദാസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ളിക്ക് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹജ്ജൂർ സെൻട്രൽ റിക്കാർഡ്സ് സ്പെഷ്യൽ പരീക്ഷയിൽ ഇതുവരെ എത്ര ഹരിജനങ്ങൾ വിജയികളായിട്ടുണ്ട്;

(ബി) ഹജ്ജൂർ സെൻട്രൽ റിക്കാർഡിൽ ൧൧൨൬-ൽ ഒന്നാമതായി പാസായ ഏക ഹരിജന ഉദ്യോഗാർത്ഥിയെ ഇതുവരെ ഉദ്യോഗത്തിൽ നിയമിക്കാത്തതു "ഇൻറർ ഡിപ്പാർട്ടുമെൻറൽ നിയമനം" അനുവദനീയമല്ലാതിരുന്നതു കൊണ്ടാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ) ഒന്ന്.

(ബി) അതെ.

കുടിൽവ്യവസായങ്ങൾ

* ൧൩൪. (൪൭) ശ്രീ. എം. പി. കൃഷ്ണദാസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൽ നിന്നും ഏതെല്ലാം കേന്ദ്രങ്ങളിൽ കോഴി വളർത്തൽ, തേനീച്ച വളർത്തൽ മുതലായ കുടിൽ വ്യവസായങ്ങൾ നടത്തിവരുന്നു;

(ബി) അതിനുവേണ്ട ഏതെങ്കിലും പ്രത്യേക പരിശീലനം സിദ്ധിച്ച ഒരാളിനെ നിയമിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) സചിവോത്തമപുരം കാളനിയിൽ കോഴിവളർത്തൽ, തേനീച്ച വളർത്തൽ ഇവ നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്.

കുടിൽ വ്യവസായവികസനം.

* ൧൩൫. (൪൮) ശ്രീ. എം. പി. കൃഷ്ണദാസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടിൽ വ്യവസായം വികസിപ്പിക്കുന്നതിന് ഇപ്പോഴുള്ള പദ്ധതിയിൽ എന്തെല്ലാം പരിപാടികൾ അംഗീകരിച്ചിട്ടുണ്ട്;

(ബി) ഇതിലേക്ക് ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര കാലമായെന്നും, ഈ കമ്മിററിയുടെ ഇതുവരെയുള്ള പ്രവർത്തനം എന്താണെന്നും പറയാമോ?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ):

(എ) അംഗീകരിക്കേണ്ട പദ്ധതികൾ ഇപ്പോൾ ആലോചനയിലിരിക്കുകയാണ്.

(ബി) ഒരു കടിൽ വ്യവസായബോർഡിനെ നിയമിച്ചിട്ടുണ്ട്.
(സി) ഉദ്ദേശം മൂന്നുമാസമായി പ്രവർത്തനം തുടങ്ങിയതേയുള്ളു.

അലൂമിനിയം ഫാക്ടറി

*൧൩൩. (൪൬) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവായിലുള്ള അലൂമിനിയം ഫാക്ടറിയുടെ മൂലധനമെന്താണ്;

(ബി) അതിൽ വിദേശ മൂലധനമെത്ര; തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് ഇറക്കിയിട്ടുള്ള മൂലധനമെത്ര?

വ്യവസായവും തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ):

(എ) ൨൦൦ ലക്ഷം രൂപാ.

(ബി) തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിന് ൧൫·൨ ലക്ഷം രൂപായുടെ ഓഹരി ഉണ്ട്. വിദേശമൂലധനമെത്രയെന്ന് ഗവമ്മെൻറിനറിവില്ല. വിവരങ്ങൾ ശേഖരിക്കുന്നതേയുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആ കമ്പനിയുടെ നടത്തിപ്പിൽ ഈ ഗവമ്മെൻറിന് എന്തെങ്കിലും അധികാരമുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ആ കമ്പനിയിൽ ഗവമ്മെൻറിന്റെ ഒരു ഡയറക്ടർ ഉണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കമ്പനി ഇപ്പോൾ ലാക്കൌട്ട് ചെയ്തിരിക്കയാണെന്നറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ അലൂമിനിയം ഫാക്ടറിക്ക് പ്രത്യേകമായി വല്ല സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: വല്ല സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല; അതിന് നോട്ടീസ് വേണം.

ശ്രീ. കെ. രാമചന്ദ്രൻ: ഗവമ്മെൻറിൽനിന്നും നിയമിച്ചിരിക്കുന്നതായ ഡയറക്ടർ എത്ര കമ്പനികളിൽ ഡയറക്ടറാണ്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി

*൧൩൪. (൫൦) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിയുടെ കാര്യത്തിൽ കേന്ദ്രഗവമ്മെൻറിന്റെ അടുക്കൽ നിവേദനം നടത്തിയതിന്റെ ഫലമെന്താണ്;

(ബി) അരിവില വദ്ധിപ്പിക്കാനുള്ള കേന്ദ്രഗവമ്മെൻറിന്റെ ശുപാർശ നടപ്പിൽ വരുത്താനാലോചിക്കുന്നുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൧൯൫൧-ൽ ഇന്ത്യാഗവൺമെൻറ് ഈ ഗവൺമെൻറിൻെറിലേക്ക് ൧·൫ കോടി രൂപാ ആയിരുന്ന ഭക്ഷ്യസബ്സിഡി ഇനത്തിൽ അനുവദിച്ചിരുന്നതു്. എന്നാൽ ഈ ഗവൺമെൻറ് ഇന്ത്യാഗവൺമെൻറിനോടു് നടത്തിയ ആവർത്തിച്ചുള്ള നിവേദനങ്ങളുടെ ഫലമായി ഭക്ഷ്യസബ്സിഡിയിനത്തിൽ ൨൨൨ ലക്ഷം രൂപായോളമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) ഈ കാര്യം ഗവൺമെൻറിൻെറ ആലോചനയിലിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സബ്സിഡി ഇനിയും മുഴുവനായി കിട്ടുന്നതിനു് വല്ല ശ്രമങ്ങളും നടത്തുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഇനിയും കൂട്ടിക്കിട്ടണമെന്നു നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സബ്സിഡി മുഴുവൻ തരാൻ സാദ്ധ്യമല്ല എന്നു് ഇന്ത്യാഗവൺമെൻറ് ഈ ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: മുഴുവൻ തരാൻ സാദ്ധ്യമല്ലെന്നറിയിച്ചിട്ടുണ്ടു്.

Sri. N. Danial Jose: In other Provinces what is the percentage of subsidy given by the Government of India?

Sri. K. M. Korah: That depends upon ever so many circumstances. Without notice I cannot give an answer as to what exactly is the percentage.

സ്ഥലം പതിവു്

* ൧൩൮. (൫൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ അഴീക്കോടു വില്ലേജിൽ അടുത്തകാലത്തു് കടൽ നീങ്ങി ഉണ്ടായിട്ടുള്ള പുറമ്പോക്കു സ്ഥലം യാതനാവേതനമായി കാൺഗ്രസ്സുകാർക്കു് പതിച്ചുകൊടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആ സ്ഥലം പതിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഏതെങ്കിലും കാൺഗ്രസ്സുകാർ ഗവൺമെൻറിലേയ്ക്കു് അപേക്ഷ അയച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രസ്തുത സ്ഥലം ആർക്കെങ്കിലും പതിച്ചുകൊടുക്കണമോ എന്നുള്ള കാര്യം ആലോചനയിലിരിക്കുന്നതേയുള്ളു.

(ബി) ഈ സ്ഥലം ഭക്ഷ്യോൽപാദനത്തിനായി പതിച്ചുകൊടുക്കണമെന്നു് പാർലിമെൻറംഗമായ ശ്രീ. പി. സി. അഹമ്മദുകുഞ്ഞി അപേക്ഷിച്ചിട്ടുണ്ടു്.

AIKKARANAD LIFT IRRIGATION SCHEME

***139.** [52] **Sri. N. V. Chacko:** Will the hon. Minister for Irrigation be pleased to state.—

(*a*) whether the Aikkaranad Lift Irrigation Scheme has been partially given up;

(*b*) whether it is partially given up owing to excessive cost for making flumes: and

(*c*) whether the Government propose to put a bund in the punja fields to store water for mundakan crop?

Minister for Finance and Food **(Sri. K. M. Korah):**

(*a*), (*b*) and (*c*) Information is being only collected and answer will be furnished on a later occasion.

LAW COLLEGE, ERNAKULAM

* **140.** [53] **Sri. N. V. Chacko:** Will the hon. Minister for Education be pleased to state:—

(*a*) whether the Government have increased the strength of students in the Law College, Ernakulam;

(*b*) whether it is a fact that the present college building is not enough for accommodation;

(c) whether the Government have made any arrangements for the residence of those college students?

Minister for Education and Revenue **(Sri. L. M. Pylee)**:(*a*) Yes.

(*b*) Yes.

(c) Yes.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ആ കോളേജിലെ സ്ട്രെംഗ്ത്തു് എത്രയാണെന്നു് പറയാമോ?

ശ്രീ. എൽ. എം. പൈലി: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. വി. ഇയ്യു: കോളേജ്ഹോസ്റ്റൽ ഒരു വലിയ കെട്ടിടത്തിലേക്ക് മാററിസ്ഥാപിക്കാൻ ശ്രമിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതേപ്പററി ആലോചിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ലാകോളേജിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: അതിനു് നോട്ടീസു് വേണം.

Sri. N. D. Jose: Is the college in a position to provide hostel accommodation for all those who require such accommodation?

Sri. L. M. Pylee: The college is not in a position to provide accommodation for all.

കോളേജ്ബിൽഡിംഗ് വലുതാക്കുന്നതിനുള്ള കാര്യവും ഹോസ്റ്റൽ പണിയിക്കുന്നതിനുള്ള കാര്യവും യൂണിവേഴ്സിററിയും ഗവമെന്റുമായി ആലോചിക്കുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: തിരുവനന്തപുരത്തു് ഒരു ലാകോളേജ് സ്ഥാപിക്കുന്നതിലേക്കപേക്ഷ ലഭിച്ചിട്ടുണ്ടോ?

Sri. L. M. Pylee: That question does not arise.

LEVY SYSTEM

